# ഉയരത്തിലുള്ളത് അന്വേഷിപ്പിൻ

## കൊലൊസ്സ്യർ 3:1

**"ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ."**

ഈ വാക്യത്തിലൂടെ പൗലോസ് അപ്പോസ്തോലൻ എന്താണ് നമ്മളോട് പറയുന്നത്. നമ്മൾ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ എന്നാണ്. ഉയർത്തെഴുന്നേറ്റിരിക്കുന്ന നമ്മൾ ഇനിയും ഭൂമിയിലുള്ളതല്ല, പിന്നെയോ ഉയരത്തിലുള്ളതു തന്നെ ചിന്തിക്കണം എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ സമയം നമുക്ക് നമ്മുടെ ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കാം. നമ്മൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? ഉയരത്തിലുള്ളത് ചിന്തിക്കുന്നില്ല എന്നു മാത്രമല്ല പലപ്പോഴും ഭൂമിയിലുള്ളത് മാത്രം ചിന്തിക്കുന്നവരായി മാറിപ്പോകാറുമുണ്ട്. കരുണാസമ്പന്നനായ ദൈവം അവന്റെ മഹാസ്നേഹത്താൽ അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിച്ചു. തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന് ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയർത്തെഴുന്നേല്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തി. അങ്ങനെ യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട്, വീണ്ടും ജനനം പ്രാപിച്ച്, യേശുവിനെ അനുഗമിക്കുന്നവർ എന്ന് അവകാശപ്പെടുമ്പോഴും, നമ്മൾ പലപ്പോഴും ഉയരത്തിലുള്ളതിനെ പ്രാപിക്കാൻ പ്രയാസപ്പെടുന്നവരാണ്. എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്? അവന്റെ വിളിയുടെ വലിപ്പം മനസ്സിലാകാത്തതുകൊണ്ട് അല്ലേ.

അവന്റെ വിളിയുടെ വലിപ്പത്തെ മനസ്സിലാക്കാൻ നമ്മുടെ ഹൃദയദൃഷ്ടി പ്രകാശിക്കണം. അവനിൽ വിശ്വസിക്കുന്നവർക്ക് അവൻ ഒരുക്കിയിട്ടുള്ളത് ആത്മീയ ദൃഷ്ടിയാൽ കാണാൻ കഴിയുന്നവർക്കു മാത്രമേ ഭൂമിയിലുള്ളത് ചപ്പെന്നും ചവറെന്നും എണ്ണാൻ സാധിക്കുകയുള്ളൂ. ആ വലിയ പ്രതിഫലം കാണാൻ സാധിച്ചതുകൊണ്ടാണ് മോശ ദൈവജനത്തോടുകൂടി കഷ്ടമനുഭവിക്കുന്നത് തിരഞ്ഞെടുത്തത്. **Hebrew 11:25, 26** ൽ പറയുന്നതുപോലെ "പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതു നിരസിക്കയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നു എണ്ണുകയും ചെയ്തു." അതുകൊണ്ട്, വിളിച്ചവൻ

വിശ്വസ്തനാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവന്റെ വിളിയുടെ മഹത്വം മനസ്സിലാക്കുവാൻ നമ്മുടെ ഹൃദയക്കണ്ണുകളെ തുറന്നു കിട്ടുവാൻവേണ്ടി പ്രാർത്ഥിക്കാം.

നമ്മുടെ കർത്താവ് വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടിയതാണ്. അതിനാൽ നമ്മൾ ജയാളികളാണ്. നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തിനെ യേശു മായിച്ചുതന്നു. അതുകൊണ്ട് ഇനിയും നമ്മൾ പരാജിതരായി, നിരാശയിൽ ജീവിക്കേണ്ടവരല്ല. നമ്മുടെ കർത്താവ് എന്താണ് നമ്മോട് പറഞ്ഞത്, "ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" **(John 16:33)**. വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയിൽ നാം വിശ്വസിക്കണം.

അതുകൊണ്ട് നമ്മുടെ നിക്ഷേപം ഭൂമിയിലാകരുത്. മറിച്ച്, അത് സ്വർഗ്ഗത്തിലാകണം. അവൻ നമ്മെ സൽപ്രവൃത്തിക്കായിട്ടാണ് വിളിച്ചിരിക്കുന്നത്. ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നിടത്തോളം അവന് പ്രസാദമുള്ളത് ചെയ്യുവാനും ഫലം കായ്ക്കുന്നവരായി തീരുവാനും നമുക്ക് സാധിക്കണം. അതിനുവേണ്ടി നമ്മെ ദൈവസന്നിധിയിൽ സമർപ്പിക്കയും ആത്മാർത്ഥമായി പരിശ്രമിക്കയും ചെയ്യാം. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**പരാമർശം:**

മത്തായി 6:19,20

പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ.

മത്തായി 6:33

മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.

**സിസ്റ്റർ റീന ഷാജി പള്ളിപ്പാട് 015**